**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1173** **31-01-2024 - ൽ മറുപടിയ്ക്ക്**

**കല്ലാനോട് ഫിഷ് ഹാച്ചറിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കല്ലാനോട് ഫിഷ് ഹാച്ചറിയിൽ നിന്ന് ഏതൊക്കെ ജില്ലകളിലാണ് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നത്; നിലവിലുള്ള കുളങ്ങളുടെ ഉല്പാദന ശേഷി എത്രയാണ്; മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നത് എന്തൊക്കെ മാനദണ്ഡങ്ങൾ അനുസരിച്ചാണ്; വിശദമാക്കാമോ; | (എ) | കല്ലാനോട് ഫിഷ് ഹാച്ചറിയിൽ നിന്ന് കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിലേക്കും, പ്രൈവറ്റ് കർഷകർക്കുമാണ് പ്രധാനമായും മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നത്. ഹാച്ചറിയുടെ നിലവിലെ ഉത്പാദനശേഷി കാർപ്പ്, ഗിഫ്റ്റ് തിലാപ്പിയ, വരാൽ, ആസ്സാംവാള, അനാബസ്, വിവിധ അലങ്കാര മത്സ്യങ്ങൾ എന്നിവയുടെ 36ലക്ഷം ഫിംഗർലിങ്സാണ്. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷി, പി.എം.എം.എസ്. വൈ പദ്ധതികളുടെ മാനദണ്ഡങ്ങൾക്കനുസൃതമായി വിവിധ ജില്ലകളിലെ ഫിഷറീസ് ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന ഓർഡറുകൾ പ്രകാരമാണ് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നത്. |
| (ബി) | കല്ലാനോട് ഫിഷ് ഹാച്ചറിയുടെ വികസനത്തിനായി സമർപ്പിച്ച പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | കല്ലാനോട് ഫിഷ് ഹാച്ചറിയുടെ രണ്ടാം ഘട്ട വികസനത്തിനായി രണ്ട് ഹെക്ടർ ഭൂമിക്ക് പെർമിസീവ് സാംഗ്ഷൻ ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിച്ച് വരുന്നുണ്ട്. 6 മില്ല്യൺ ഗിഫ്റ്റ് തിലാപ്പിയ പ്രൊഡക്ഷൻ കപ്പാസിറ്റി ലക്ഷ്യമിടുന്ന രണ്ടാം ഘട്ട വികസന പദ്ധതിയിൽ ഹാച്ചറി ബിൽഡിംഗ്, ബ്രൂഡ് സ്റ്റോക്ക് ഹോൾഡിംഗ് ഫെസിലിറ്റി, ബ്രീഡിംഗ് ഫെസിലിറ്റി, ഇൻകുബേഷൻ & ഹാച്ചറി ഫെസിലിറ്റി, ഇൻഡോർ ഹൈ റിയറിംഗ് ഫെസിലിറ്റി, വാട്ടർ ഇൻടേക്ക് & ട്രീറ്റ്മെന്റ് സിസ്റ്റം, റീസർക്കുലേറ്റിംഗ് അക്വാകൾച്ചർ സിസ്റ്റം, നഴ്സറി റിയറിംഗ് ഫെസിലിറ്റി, എയറേഷൻ ഫെസിലിറ്റി, ലബോറട്ടറി, എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ